**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം</u>

6240 ശ്രീ.ബെന്നി ബെഹനാൻ
'' പി. എ. മാധവൻ
'' പാലോട് രവി
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെ യോഗ്യത നിശ്ചയിക്കുന്നത് എങ്ങനെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനുള്ള ഫണ്ട് കോർപ്പറേഷൻ എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ലഹരി വിരുദ്ധ ബോധവത്ക്കരണ ശാക്തീകരണം</u>

6241 ശ്രീ. പാലോട് രവി
,, റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരി വിരുദ്ധ ബോധവത്ക്കരണ ശാക്തീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ഒരു പുതിയ വിഭാഗം എക്സൈസ് വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത വിഭാഗം നടത്തിവരുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് ഇവരുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>മദ്യവിരുദ്ധ ക്ലബ്ബുകൾ</u>

6242

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലും കോളേജുകളിലും മദ്യവിരുദ്ധ ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ഒട്ടാകെ മദ്യവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) മദ്യവിരുദ്ധ ക്ലബ്ബുകളിൽ ഡോക്ടർമാർ, സന്നദ്ധ പ്രവർത്തകർ, സാംസ്കാരിക നായകന്മാർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകളും മറ്റും സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉത്പാദന വിതരണക്കാരെ നിയമത്തിന് മുന്നിലെത്തിക്കാൻ മദ്യ വിരുദ്ധ ക്ലബ്ബുകളുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ലഹരി വിരുദ്ധ ബോധവല്‍ക്കരണ പരിപാടിയുടെ നടത്തിപ്പ് ചുമതല</u>

6243 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ലഹരി വിരുദ്ധ ബോധവല്‍ക്കരണ പരിപാടിയുടെ നടത്തിപ്പ് ചുമതല ഏത് ഉദ്യോഗസ്ഥനാണെന്നും പ്രസ്തുത പരിപാടി ഏത് തരത്തിലാണ് സംസ്ഥാനത്താകെ സംഘടിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോധവല്‍ക്കരണ പരിപാടികള്‍ കാര്യക്ഷമമാക്കുന്നതിന് ജില്ലാ തലത്തില്‍ പ്രത്യേക യൂണിറ്റുകള്‍ അനുവദിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സ്റ്റാർ സൗകര്യങ്ങൾ ഇല്ലാത്ത ബാറുകൾ</u>

6244 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 752 ബാറുകളിൽ സ്റ്റാർ സൗകര്യങ്ങൾ ഇല്ലാത്ത എത്ര ബാറുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 2014 മാർച്ച് 29, 30 തീയതികളിൽ നടത്തിയ ബാറുകളുടെ നിലവാരപരിശോധനയുടെ റിപ്പോർട്ട് എന്നാണ് പ്രസിദ്ധീകരിച്ചതെന്നും അതിൻപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്താമോ ;

(സി) നിയമപ്രകാരം നിലവാരമില്ലാത്ത എത്ര ബാറുകൾക്കാണ് ടൂ സ്റ്റാർ സൗകര്യമില്ലെങ്കിലും ലൈസൻസ് പുതുക്കി നൽകിയതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ബാറുകളിലെ സെക്കന്റ്സ് മദ്യവില്പനക്കെതിരെ നടപടി

6245 ശ്രീ. പി. കെ. ഗുരുദാസൻ
'' വി. ചെന്താമരാക്ഷൻ
'' കെ. കെ. നാരായണൻ
'' ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്ത ബാറുകളിൽ കണക്കിൽപ്പെടാത്ത സെക്കന്റ്സ് മദ്യം വിറ്റുവന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) അതിന്റെ പേരിൽ ഈ സർക്കാർ എത്ര ബാറുകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടായിരുന്നുവെന്നും ശിക്ഷിക്കപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ബിവറേജസിൽ സ്വീപ്പർമാരുടെ വേതനം

6246 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ സ്വീപ്പർ ജോലി ചെയ്യുന്നവർക്ക് എത്ര തുകയാണ് ക്ലീനിങ് ചാർജ്ജായി നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജോലിക്ക് സ്വീപ്പർ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിനും നിയമാനുസൃതമായ വേതനം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് വെള്ളരിക്കുണ്ടിൽ പുതുതായി എക്സൈസ് റേഞ്ച് ഓഫീസ്</u>

6247 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ടിൽ പുതുതായി എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനം എന്നേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

കൊയിലാണ്ടി എക്സൈസ് ഓഫീസിന് കെട്ടിടം

6248 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര എക്സൈസ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും അത് എവിടെയെല്ലാമാണ് എന്നും വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം ഇല്ല എന്നതും ഇപ്പോൾ പ്രവർത്തിക്കുന്ന ഓഫീസ് വളരെ ജീർണിച്ച കെട്ടിടമാണ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എക്സൈസ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ്</u>

6249 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) അനുവദിക്കുമെങ്കിൽ ആയതിനുള്ള നടപടികൾ ആരംഭിച്ചുവോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ എക്സൈസ് റെയിഞ്ച് ഓഫീസുകൾ</u>

6250 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എക്സൈസ് റെയിഞ്ച് ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം അനുവദിച്ചുവെന്നും എവിടെയെല്ലാം ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി വടകര താലൂക്കുകളിൽ എത്ര റെയിഞ്ച് ഓഫീസുകൾ ഉണ്ടെന്നും ഓരോന്നിന്റെയും പ്രവർത്തനപരിധിയും വെളിപ്പെടുത്തുമോ ;

(സി) കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് കുറ്റ്യാടി, പേരാമ്പ്ര കേന്ദ്രമാക്കി എക്സൈസ് റെയിഞ്ച് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>തുറമുഖങ്ങളെ ഓൾവെതർപോർട്ടായി വികസിപ്പിക്കുന്നതിന് കർമ്മ പദ്ധതി</u>

6251 ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, ടി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങൾ ഓൾവെതർപോർട്ടായി വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ആരുടെയെല്ലാം സാങ്കേതിക സഹായമാണ് ഇതിനായി ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>തീരദേശ കപ്പല്‍ ഗതാഗത പദ്ധതി</u>

6252 ശ്രീ. സണ്ണി ജോസഫ്
,, വി.റ്റി. ബല്‍റാം
,, പാലോട് രവി
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തീരദേശ കപ്പല്‍ ഗതാഗത പദ്ധതി ഏതെല്ലാം തുറമുഖങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അനുയോജ്യമായ എല്ലാ തുറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിന് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തില്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

വിഴിഞ്ഞം പദ്ധതിക്കെതിരെയുള്ള വ്യാജപരാതികൾ

6253 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരെ കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളിലേയ്ക്ക് കേരളത്തിൽ നിന്നും പരാതികളയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പേരുവിവരം നൽകുമോ ;

(ബി) യഥാർത്ഥ ആളുകൾ അറിയാതെയാണ് പരാതി സമർപ്പിക്കപ്പെട്ടതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(ഡി) പരാതികളുടെ യഥാർത്ഥ വസ്തുത കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

ബേപ്പൂർ തുറമുഖ വികസനത്തിനായി പദ്ധതികൾ

6254 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കുമോ;

(ബി) തുറമുഖ വികസനത്തിനായി എന്ത് തുക 2011 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>പുന്നപ്ര ഫിഷിംഗ് ഹാർബർ</u>

6255 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പുന്നപ്ര ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായുള്ള അന്വേഷണ ഗവേഷണ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) പുന്നപ്ര ഫിഷിംഗ് ഹാർബറിന്റെ അന്വേഷണ ഗവേഷണ പ്രവൃത്തികൾ പൂർത്തിയായോ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>അരൂർ മണ്ഡലത്തിലെ കടൽഭിത്തി മെയിന്റനൻസ്</u>

6256 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പള്ളിത്തോട് ചാപ്പക്കടവ് മുതൽ അന്ധകാരനഴി വരെയുള്ള പ്രദേശത്ത് കടൽഭിത്തിയുടെ മെയിന്റനൻസ് നടത്തിയിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ;

(ബി) കടലാക്രമണം രൂക്ഷമായ സാഹചര്യത്തിൽ അടിയന്തിരമായി ഈ പ്രദേശത്ത് കടൽഭിത്തിയുടെ മെയിന്റനൻസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>രാമപുരം വയലപ്ര പരപ്പ് ചെമ്പല്ലിക്കുണ്ട് റോഡ്</u>

6257 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡ് ആർ.ഐ.ഡി.എഫ്.XIX-ൽ ഉൾപ്പെടുത്തി 245 ലക്ഷം രൂപക്ക് ഭരണാനുമതി ലഭിച്ച തീരദേശറോഡായ രാമപുരം വയലപ്ര പരപ്പ് ചെമ്പല്ലിക്കുണ്ട് റോഡിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ</u>

6258 ശ്രീ. എസ്. ശർമ്മ
,, കെ. ദാസൻ
,, ബി. സത്യൻ
,, സി കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രശ്നങ്ങൾക്ക് പരിഹാര പദ്ധതികൾ വല്ലതും ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനായി സാഫിന്റെ സംരഭങ്ങൾ

6259 ശ്രീ. കെ. അച്ചുതൻ
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി തീരദേശമേഖലയിൽ പ്രവർത്തിക്കുന്ന സാഫ് പുതിയ സംരംഭങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളി സ്ത്രീ സംഘങ്ങളുടെ ഏകീകൃത ജീവനോപാധി പ്രവർത്തനങ്ങളെ ശാക്തീകരിച്ച് സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുവാനായി എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന വിവരം വിശദമാക്കുമോ ;

(സി) സാഫിന്റെ പ്രവർത്തനങ്ങൾക്കായി 2011-14 കാലയളവിൽ എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചു ; ഇവ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന വിവരം വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

ബഡ്ജറ്റിൽ മത്സ്യ മേഖലയ്ക്കായി വകയിരുത്തിയ തുക

6260 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യ മേഖലയ്ക്കായി വകയിരുത്തിയ 157.8 കോടി രൂപയിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ചെലവഴിക്കപ്പെട്ട തുക എങ്ങനെയെല്ലാം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>തണൽ പദ്ധതി</u>

6261 ശ്രീ. വി. പി. സജീന്ദ്രൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' അൻവർ സാദത്ത്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ ലഭ്യത കുറവായ പഞ്ഞ മാസങ്ങളിൽ മത്സ്യതൊഴിലാളികൾക്ക് വരുമാന ലഭ്യത ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് തണൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിന് നടപടി</u>

6262 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലിൽ നിന്നും ലഭിക്കുന്ന മത്സ്യത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞുവരുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം മത്സ്യങ്ങളുടെ ലഭ്യതയിലാണ് കുറവുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കടൽ മത്സ്യത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കടൽമത്സ്യസമ്പത്തിനേയും ഉൾനാടൻ മത്സ്യസമ്പത്തിനേയും സംബന്ധിച്ച കണക്കുകൾ</u>

6263 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടൽ മത്സ്യസമ്പത്തിനേയും ഉൾനാടൻ മത്സ്യസമ്പത്തിനേയും സംബന്ധിച്ച വ്യക്തമായ കണക്കുകൾ ഫിഷറീസ് വകുപ്പിന്റേയും മത്സ്യഫെഡിന്റേയും കൈവശമുണ്ടോ;

(ബി) എങ്കിൽ ഇവ സംബന്ധിച്ച വിശദാംശം ലഭ്യാക്കുമോ ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>മത്സ്യസമൃദ്ധി പദ്ധതി</u>

6264 ശ്രീ. ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യസമൃദ്ധി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>മത്സ്യഗ്രാമം പദ്ധതി</u>

6265 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതി നാട്ടിക മണ്ഡലത്തിൽ എവിടെയെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നാട്ടിക മണ്ഡലത്തിൽ മത്സ്യഗ്രാമം പദ്ധതിയിൽ തൊഴിലാളികൾക്ക് വീടുകൾ വെച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ, എത്ര വീടുകൾ വെച്ചു നൽകി എന്ന വിവരം അറിയിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കടലിൽവച്ച് മരണപ്പെട്ട മത്സ്യത്തൊഴിലാളികൾ</u>

6266 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ കടലിൽ വച്ച് എത്ര മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ബി) മരണപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മരണപ്പെട്ടവരുടെ ആശ്രിതരിൽ എത്ര പേർക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ട്രഷ്ഫിഷ്‌വേട്ടയും ലൈറ്റ് ഫിഷിങ്ങും തടയാൻ നടപടി</u>

6267 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പല മത്സ്യബന്ധന മേഖലകളിലും സർക്കാരും ഹൈക്കോടതിയും നിരോധിച്ച ട്രഷ്ഫിഷ് വേട്ടയും ലൈറ്റ് ഫിഷിങ്ങും വ്യാപകമായി നടക്കുന്നതായും ഇതിന് ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതായുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതി</u>

6268 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2010-ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും, ആക്ടിൽ പറയുന്ന സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയും ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികളും രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സി.ഐ.എ.എൽ.-ൽ ജൂനിയർ മാനേജർ തസ്തിക</u>

6269 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി.ഐ.എ.എൽ.-ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട പതിമൂന്ന് ജൂനിയർ മാനേജർമാരുടെ തസ്തികകൾ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ പതിമൂന്ന് ജൂനിയർ മാനേജർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; അതിലേക്ക് എത്ര ജൂനിയർ മാനേജർമാരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പ്രസ്തുത സ്ഥാപനത്തിൽ ഏതൊക്കെ തസ്തികകളിൽ എത്രപേരെ പുതുതായി നിയമിച്ചിട്ടുണ്ട്; നിയമനത്തിന് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>മത്സ്യഫെഡിലെ നിയമനങ്ങൾ</u>

6270 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിലെ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടുനല്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) മത്സ്യഫെഡിൽ സ്ഥിരനിയമനം അവസാനമായി നടത്തിയതെന്നാണെന്നും ഏത് തസ്തികയിലേക്കാണെന്നും വിശദമാക്കുമോ;

(സി) നിലവിൽ ദിവസവേതന-കരാർ ജീവനക്കാരെ നിയമിക്കുന്നതിനു സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

(ഡി) മത്സ്യഫെഡിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് തൊഴിൽ ലഭിക്കുന്നതിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>അക്വാകൾച്ചർ കോ- ഓർഡിനേറ്റർമാരുടെ ഓണറേറിയം</u>

6271 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്വാകൾച്ചർ കോ-ഓർഡിനേറ്റർ ഫാറത്തിന്റെ ആലപ്പുഴ ജില്ലാ സെക്രട്ടറി മാന്നാർ കളപ്പുരവീട്ടിൽ ഷാജി ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് 11/6/2013-ൽ സമർപ്പിച്ച നിവേദനത്തെത്തുടർന്ന് തുറമുഖ വകുപ്പിൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് അയച്ച കത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ഓണറേറിയം വർദ്ധിപ്പിച്ചു നൽകുവാനും ഇവരെ സ്ഥിരപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ; അല്ലാത്തപക്ഷം കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

കുട്ടനാട്ടിലെ നീലംപേരൂർ പഞ്ചായത്തിൽ മത്സ്യസങ്കേതം

6272 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പതിമൂന്നാം ധനകാര്യ കമ്മീഷൻ മുഖേന നൽകിയ തുക വിനിയോഗിച്ച് കുട്ടനാട്ടിലെ നീലംപേരൂർ പഞ്ചായത്തിൽ മത്സ്യസങ്കേതം(ഫിഷ് സാങ്ച്വറി) സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>മത്സ്യബന്ധന തുറമുഖ വകുപ്പ് വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ</u>

6273 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂലൈയ്ക്ക് ശേഷം മത്സ്യബന്ധന തുറമുഖ വകുപ്പ് വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇനിയും തുടങ്ങാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിക്കുമായി അനുവദിച്ചിട്ടുള്ള തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കേരള ഫിഷറീസ് സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ</u>

6274 ശ്രീ. എ.റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകൃതമായ കേരള ഫിഷറീസ് സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ മത്സ്യമേഖലയുടെ വികസനത്തിന് ഉപയുക്തമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മത്സ്യകൃഷിയുടെ ശാസ്ത്രീയ വശം അപഗ്രഥിച്ച് പ്രായോഗിക തലത്തിൽ എത്തിക്കുന്നതിനായി സർവ്വകലാശാല വിദഗ്ദ്ധരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിക്കുവാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുമോ;

(സി) ഫിഷറീസ് സർവ്വകലാശാലയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?